# കേരളസർക്കാർ
## പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം
**എം.ബി.ബി.എസ് കോഴ്സിലേക്കുള്ള പ്രവേശനം-2021**
**മൂന്നാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് സംബന്ധിച്ച്**

2021 വർഷത്തെ എം .ബി.ബി.എസ് കോഴ്സിലേക്കുള്ള രണ്ടാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റിനുശേഷം പാലക്കാട് കരുണ മെഡിക്കൽ കോളേജിൽ നിലനിൽക്കുന്ന ഒരു ഒഴിവ് (ആൾ ഇന്ത്യാ മെറിറ്റ്) നികത്തുന്നതിനായുള്ള മൂന്നാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. എം.ബി.ബി.എസ് കോഴ്സിലേക്കുള്ള മോപ് അപ് അലോട്ട്മെന്റിനായി വിദ്യാർത്ഥികൾ നൽകിയ ഓപ്ഷനുകൾ പരിഗണിച്ചാണ് അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ആൾ ഇന്ത്യാ അലോട്ട്മെന്റിലൂടെ എം .ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളെയും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിൽ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെയും എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള മുൻ അലോട്ട്മെന്റിലൂടെയും എം .ബി.ബി.എസ് കോഴ്സിലേക്കുള്ള മുൻ സ്ട്രേ വേക്കൻസിയിലൂടെയും അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളെയും, മൂന്നാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി പരിഗണിച്ചിട്ടില്ല.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥിയുടെ ഹോം പേജിൽ ലഭ്യമാണ് . അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഹോം പേജിൽ നിന്ന് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി , ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അലോട്ട്മെന്റ് മെമ്മോ പ്രിന്റൗട്ട് എടുക്കുന്നതിനും ഫീസ് അടയ്ക്കുന്നതിനുമുള്ള സൗകര്യം **25.04.2022, ഉച്ചയ്ക്ക് 2.00 മണി വരെ** ലഭ്യമാകുന്നതാണ്.

മൂന്നാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥി അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് (ബാധകമെങ്കിൽ) ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഹെഡ് പോസ്റ്റ് ഓഫീസ് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീസ് / ബാക്കി തുക (ബാധകമെങ്കിൽ) അടച്ചതിനുശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ **25.04.2022 ഉച്ചയ്ക്ക് 2.00 മണിക്ക്** മുമ്പ് പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകളുമായി ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥി  അവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്യെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ് കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

മൂന്നാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ്  ലഭിച്ച ശേഷം നിശ്ചിത തീയതിക്കുള്ളിൽ കോളേജിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥിയുടെ, ബാധകമായ മോപ് അപ് രജിസ്ട്രേഷൻ തുക പെനാൽറ്റിയായി കണക്കാക്കി തിരികെ നൽകുന്നതല്ല . കൂടാതെ വിദ്യാർത്ഥിയിൽ നിന്നും പ്രോസ്പെക്ടസിലെ 12.2.4(c)(ii) വ്യവസ്ഥ പ്രകാരം എം.ബി.ബി.എസ് സീറ്റ് നഷ്ടപ്പെടുത്തിയ പേരിൽ പിഴ ഈടാക്കുന്നതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.04.22 20:05:36 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**22/04/2022**